പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3744 — 11.12.2018-ലെ മറുപടിക്ക്

## സിംഗിൾ ഡ്യൂട്ടി സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയത് മൂലം ട്രിപ്പുകൾ നിർത്തലാക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ തിരുവനന്തപുരം ജില്ലയിൽ എത്ര ട്രിപ്പുകൾ നിർത്തലാക്കി എന്ന് വ്യക്തമാക്കാമോ; | (എ) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ കൂടി കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി. യിൽ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി മാനവവിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും, 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമപ്രകാരം ജീവനക്കാർക്ക് ഡ്യൂട്ടി ക്രമീകരിക്കണം എന്ന ബഹു: കേരള ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിന്റെയും ഭാഗമായാണ് ഓർഡിനറി സർവ്വീസുകളിൽ സിംഗിൾ ഡ്യൂട്ടി ക്രമം നടപ്പിലാക്കിയിട്ടുള്ളത്. യാത്രക്കാർക്ക് യാതൊരുവിധ ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിലും, കോർപ്പറേഷന് ഗുണകരമായ രീതിയിലും, ട്രിപ്പുകൾ നഷ്ടപ്പെടാത്ത വിധത്തിൽ ഷെഡ്യൂൾ ക്രമീകരിക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ വളരെയധികം വരുമാനക്കുറവുള്ളതും ഡീസൽ ചെലവിന് പോലും വരുമാനം ലഭിക്കാത്തതുമായ ചുരുക്കം ചില ട്രിപ്പുകൾ റദ്ദ് ചെയ്യേണ്ടി വന്നിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വിവിധ ഡിപ്പോകളിലായി വിവിധ സർവ്വീസുകളിലായി ആകെ 45 ട്രിപ്പുകൾ റദ്ദ് ചെയ്തിട്ടുണ്ട്. |
| (ബി) | സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയത് മൂലം നെടുമങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം സർവ്വീസുകളാണ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കാമോ; | (ബി) | സർവ്വീസുകളൊന്നും നിർത്തലാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയ ശേഷം കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന ചെലവിൽ കുറവു വന്നിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | ഉണ്ട്.<br><br>സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കിയ ശേഷം പ്രതിദിന അലവൻസുകളിൽ വന്ന വ്യതിയാനം മൂലം കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന ചെലവിൽ പ്രതിമാസം 2.26 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**